**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിതം ഹരിപ്പാട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ; | (എ) | RKVY 2019-20-ൽ ഉൾപ്പെടുത്തി 496.9 ലക്ഷം രൂപയുടെ "ഹരിതം ഹരിപ്പാട്" പദ്ധതിയ്ക്ക് അംഗീകാരം നൽകി. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര മേഖലയിലെ പുഞ്ച കൃഷിയുടെ വികസനമാണ് "ഹരിതം ഹരിപ്പാട് പദ്ധതി" വിഭാവനം ചെയ്യുന്നത്. ഒരുപ്പൂ കൃഷി നിലങ്ങളെ ഇരുപ്പൂ ആക്കുക, നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുക, മണ്ണൊലിപ്പ് തടയുക, ജലപരിപാലനം കാര്യക്ഷമമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഹരിപ്പാട് മുനിസിപ്പാലിറ്റി, ചെറുതന, പള്ളിപ്പാട്, കരുവാറ്റ പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തോടുകളുടെ ആഴം കൂട്ടൽ, കൾവെർട്ട് നിർമ്മാണം, മോട്ടോർതറ നിർമ്മാണം, വാച്ചാൽ ആഴം കൂട്ടൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.<br><br>ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അപേക്ഷ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി KLDCയെ ചുമതലപ്പെടുത്തുന്നതിനുള്ള അംഗീകാരം കൃഷി ഡയക്ടറേറ്റിൽ നിന്നും നൽകി. 350 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി അനുവദിച്ച് കൃഷി ഡയറക്ടറേറ്റിൽ നിന്നും ആലപ്പുഴ ജില്ലാ കൃഷി ഓഫീസർക്ക് നൽകുകയും, തുക KLDCയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>ഹരിതം ഹരിപ്പാട് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകേണ്ടിയിരുന്ന പെട്ടി, പറ, പമ്പുസെറ്റുകൾ എല്ലാം തന്നെ സപ്ലൈ ചെയ്യുകയും ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ വിവിധ പാടശേഖരങ്ങളിലെ പ്രവർത്തികൾ 95%, പള്ളിപ്പാട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവർത്തികൾ 70%, ചെറുതന പഞ്ചായത്തിലെ വിവിധ |

| | | | |
|---|---|---|---|
| | | | പാടശേഖരങ്ങളിലെ പ്രവർത്തികൾ 10% എന്നിങ്ങനെ പൂർത്തീകരിച്ചു. ചെറുതന പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തി വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാത്തതിനാൽ ഉടൻതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കരുവാറ്റ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവർത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പുന:ക്രമീകരിക്കേണ്ടി വന്നിരുന്നു. ഇപ്പോൾ ടി പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>പൂർത്തീകരിച്ച പ്രധാന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>തോടിന് ആഴം കൂട്ടൽ : 14065 മീ.<br><br>പാർശ്വഭിത്തി നിർമ്മാണം : 1360 മീ.<br><br>എഞ്ചിൻ ഷെഡ് : 15 എണ്ണം<br><br>റാമ്പ് : 8 എണ്ണം<br><br>കാട്ടുവെട്ടിത്തെളിക്കൽ : 75000 മീ.<br><br>അപ്രതീക്ഷിതമായി വന്ന വേനൽ മഴ പ്രവർത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട് എങ്കിലും ഉടനടി പ്രവർത്തി പുനരാരംഭിച്ച് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | ഇതിന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ ഏത് രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും / വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | ഹരിതം ഹരിപ്പാട് പദ്ധതിയുടെ തുടർച്ചയായി പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിപ്പാട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രോജക്റ്റ് നടപ്പിലാക്കുന്നു. 469.05 ലക്ഷം രൂപയുടെ പ്രോജക്റ്റിന് 2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നേരിട്ടാണ് നടപ്പിലാക്കുന്നത്. രണ്ടു പാർട്ടുകളായി ടെണ്ടർ നടപടി പൂർത്തീകരിച്ചു. പാർട്ട് I പ്രവൃത്തികൾ 09/05/2022-ലും പാർട്ട് II പ്രവൃത്തികൾ 31/05/2022-ലും എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവർത്തികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ